# വിശ്വാസപരിശീലനകേന്ദ്രം

1. **ഡിഡാക്കെ (Didache):** ഡിപ്ലോമാ കോഴ്സ് (STD XII) കഴിഞ്ഞ കുട്ടികൾക്കുവേണ്ടി അതിരൂപതാ വിശ്വാസപരിശീലന വിഭാഗം ഈ വർഷം ആരംഭിക്കുന്ന പ്രോഗ്രാമായ ഡിഡാക്കെയുടെ **ഉദ്ഘാടനവും ആദ്യ ക്ലാസ്സും ആഗസ്റ്റ് മാസം 09-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ കലൂർ റിന്യുവൽ സെന്ററിൽ നടക്കുന്നു.** വിശ്വാസ സത്യങ്ങളേയും, ദൈവശാസ്ത്ര വിഷയങ്ങളേയും, സഭാ വിജ്ഞാനീയ ത്തേയും, ധാർമ്മിക-ആനുകാലിക വിഷയങ്ങളേയും കൂടുതൽ അറിയുവാനും പഠിക്കുവാനും ഇത് സഹായിക്കുന്നു. ഓരോ മാസവും ഓരോ ക്ലാസ്സ് (12 ക്ലാസ്സുകൾ) YOUCAT-നെ അടിസ്ഥാനമാക്കിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

   **ആദ്യ ദിവസമായ ആഗസ്റ്റ് 9-ന്** 'ദൈവാന്വേഷണത്തിന്റെ വിവിധ തലങ്ങൾ' എന്ന ക്ലാസ്സ് എടുക്കുന്നത് റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ (Rector- S.H Minor Seminary, Thrikkakara) ആയിരിക്കും.

2. **2026 ആഗസ്റ്റ് മാസത്തിൽ നടക്കുന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:**

   **എലൈവ്**

- ആഗസ്റ്റ് 02 ഞായർ: ചേർത്തല, പള്ളിപ്പുറം, വൈക്കം ഫൊറോനകൾ (നൈപുണ്യ കോളേജ്, ചേർത്തല)
- ആഗസ്റ്റ് 16 ഞായർ: കാഞ്ഞൂർ, മഞ്ഞപ്ര, വല്ലം ഫൊറോനകൾ (വിശ്വജ്യോതി സ്കൂൾ, വേങ്ങൂർ)

   **എൻലൈറ്റ്**

- ആഗസ്റ്റ് 23 ഞായർ: പറവൂർ ഫൊറോന

3. **ആഗസ്റ്റ് 04 ചൊവ്വ:** ആഗസ്റ്റ് 04 ചൊവ്വ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനം

4. **റെസിഡൻഷ്യൽ കോഴ്സ്:** എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്നതിനാൽ വിശ്വാസപരിശീലന ക്ലാസ്സിൽ പോകുവാൻ ആഗ്രഹിച്ചിട്ടും അതിനു സാധിക്കാത്തവർക്കുവേണ്ടി മാത്രം അതിരൂപതാ കേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റെസിഡൻഷ്യൽ കോഴ്സ്.

a) **2026 ആഗസ്റ്റ് 1 മുതൽ 20 വരെ തീയതികളിലാണ് ഡിപ്ലോമ റെസിഡൻഷ്യൽ കോഴ്സിൽ ചേരുന്നവർ അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ വന്നു പേര് രജിസ്റ്റർ ചെയ്യേണ്ടത്.**

b) **2026–2027 അധ്യയനവർഷത്തിലെ റെസിഡൻഷ്യൽ കോഴ്സ് തീയതികൾ:**

**ഒന്നാം വർഷ ഡിപ്ലോമ:**

2026 ഒക്ടോബർ 18, 19 – I$^{st}$ Session

2027 ഏപ്രിൽ 14, 15 – II$^{nd}$ Session

**രണ്ടാം വർഷ ഡിപ്ലോമ:**

2026 ഒക്ടോബർ 20, 21 – I$^{st}$ Session

2027 മെയ് 24, 25 – II$^{nd}$ Session

ഡിപ്ലോമ റെസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാനും രജിസ്ട്രേഷൻ ഫോമിനും വേണ്ടി **Website: www.catechismernakulam.com**ൽ **Diploma Residential Course** എന്ന **Menu**വിൽ ക്ലിക്ക് ചെയ്യുക. Search ചെയ്യുക.

**5.** ആഗസ്റ്റ് 15 (ശനി): മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളും, ഇന്ത്യയുടെ സ്വാതന്ത്ര്യദിനവും – ഓഫീസ് അവധി.

ആഗസ്റ്റ് 26 (ബുധൻ): തിരുവോണം – ഓഫീസ് അവധി.

**6. Catechism Teachers' Basic Orientation Course (BOC-Residential):** സെപ്റ്റംബർ 12, 13 തീയതികളിൽ നടക്കുന്ന അദ്ധ്യാപകരുടെ താമസിച്ചുള്ള അടിസ്ഥാനപരിശീലന ക്ലാസുകളിൽ പങ്കെടുക്കാൻ പേരുകൾ നൽകേണ്ട അവസാന തീയതി ആഗസ്റ്റ് 16.

## കാറ്റക്കിസം വാർത്തകൾ

1. **Moozhikkulam Teachers' Forane Convention:** മൂഴിക്കുളം ഫൊറോന അദ്ധ്യാപക കൺവെൻഷൻ 2026 ജൂലൈ 11-ാം തീയതി ശനിയാഴ്ച കരിപ്പാശ്ശേരി സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ നടന്നു. മൂഴിക്കുളം ഫൊറോന വികാരി വെരി. റവ. ഫാ. സേവ്യർ തേലക്കാട്ട് പതാക ഉയർത്തുകയും അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. പോൾ മോറേലി ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ കരിപ്പാശ്ശേരി പള്ളി വികാരി റവ. ഫാ. ബിനീഷ് പൂണോളി അധ്യക്ഷനായിരുന്നിന്നു. വിശ്വാസപരിശീലനത്തിൽ 25, 40, 50 വർഷം പൂർത്തിയാക്കിയ അദ്ധ്യാപകർക്കും ലോഗോസ് റാങ്ക് ജേതാക്കളായ അധ്യാപകർ

ക്കും മെമന്റോ നൽകി ആദരിച്ചു. ഡിജിറ്റൽ വെൽനെസ്സിനെകുറിച്ച് ഡോ. ഹെന ഓറിയന്റേഷൻ ക്ലാസ്സ് നടത്തി. അതിരൂപത വിശ്വാസപരിശീലന വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. സച്ചിൻ മാമ്പുഴയ്ക്കൽ നേതൃത്വം കൊടുത്ത Interactive session-നും വിശുദ്ധ കുർബാനയ്ക്കും ശേഷം ഉച്ചഭക്ഷണത്തോടെ കൺവെൻഷൻ സമംഗളം പര്യവസാനിച്ചു.

2. ഇടവകകളിലെ കാറ്റികോർപ്പ് അഡ്മിൻസിന്റെ അതിരൂപതാതല സൂം മീറ്റിങ്ങ് ജൂലൈ 20-ന് നടന്നു.

3. **എൻലൈറ്റ് പരിപാടികൾ:**
ജൂലൈ 05 ഞായർ: എൻലൈറ്റ് - പള്ളിപ്പുറം ഫൊറോന

ജൂലൈ 12 ഞായർ: എൻലൈറ്റ് - കൊരട്ടി ഫൊറോന

എൻലൈറ്റ് പ്രോഗ്രാമുകൾ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിതന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

4. **എലൈവ് പരിപാടികൾ:**

ജൂലൈ 19 ഞായർ - അങ്കമാലി, കൊരട്ടി, കറുകുറ്റി, മൂഴിക്കുളം, മൂക്കന്നൂർ ഫൊറോനകളുടെ എലൈവ് പ്രോഗ്രാം പൊങ്ങം നൈപുണ്യ കോളേജിൽ വച്ച് നടന്നു. റവ. ഡോ. ബിനോജ് മുളവരിക്കൽ നയിച്ച ഈ പ്രോഗ്രാമിൽ 69 ഇടവകകളിൽ നിന്നായി 1425 കുട്ടികളും 85 അദ്ധ്യാപകരും പങ്കെടുത്തു. എറണാകുളം-അങ്കമാലി അതിരൂപതയുടെ മേജർ ആർച്ചുബിഷപ്പിന്റെ വികാരി മാർ ജോസഫ് പാംപ്ലാനി അനുഗ്രഹ പ്രഭാഷണം നടത്തി.

ജൂലൈ 26 ഞായർ - ഇടപ്പള്ളി, കിഴക്കമ്പലം, എറണാകുളം, പറവൂർ, തൃപ്പൂണിത്തുറ ഫൊറോനകളുടെ എലൈവ് പ്രോഗ്രാം കാക്കനാട് രാജഗിരി എഞ്ചിനീയറിങ്ങ് കോളേജിൽ വച്ച് നടന്നു. റവ. ഡോ. ബിനോജ് മുളവരിക്കൽ നയിച്ച ഈ പ്രോഗ്രാമിൽ 116 ഇടവകകളിൽ നിന്നായി 1530 കുട്ടികളും 120 അദ്ധ്യാപകരും പങ്കെടുത്തു. എറണാകുളം-അങ്കമാലി അതിരൂപതാ പ്രോ പ്രോട്ടോസിഞ്ചല്ലൂസ് വെരി. റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി.

എലൈവ് പ്രോഗ്രാമുകൾ വിജയകരമായി നടത്തുവാൻ നേതൃത്വം കൊടുത്ത ഫൊറോനാ കൗൺസിലുകൾക്കും പ്രോഗ്രാമിന് വേദികൾ നൽകിയ സ്ഥാപന ഡയറക്ടർമാർക്കും നന്ദി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**